# എസ്രാ (സഹായം)

**പാഠഭാഗം:** എസ്രായുടെ പുസ്തകം
**മനഃപാഠം:** എസ്രാ 3:11, 12
**ഉദ്ദേശ്യം:** ദൈവജനം ദൈവത്തെ ആരാധിക്കണം എന്നും അവർ ദൈവകാര്യത്തിന് മറ്റേതു കാര്യങ്ങളിലും മുൻഗണന കൊടുക്കണം എന്നും ദൈവം അറിയിക്കുന്നു. അപ്പോൾ അവരുടെ ദൈനംദിന കാര്യങ്ങളിൽ ദൈവം അവർക്കായി കരുതിക്കൊള്ളും. ദൈവജനം വിശുദ്ധരും വേർപാടു പാലിക്കുന്നവരും ആയിരിക്കണം. അത് ദൈവാനുഗ്രഹത്തിന് പ്രധാന കാരണമാണ്. യിസ്രായേൽ മക്കളുടെ മടങ്ങിവരവ് ദേവാലയപ്പണി, മതിൽപ്പണി ഇവയും അതിനു നേതൃത്വം കൊടുത്തവരേയും അതിന്റെ ചരിത്ര-ഭൂമിശാസ്ത്രപശ്ചാത്തലവും മനസിലാക്കുക.

**പ്രാരംഭം:** എബ്രായ ബൈബിളിൽ ശമുവേൽ, രാജാക്കന്മാർ ഈ പുസ്തകങ്ങൾ ഒന്നിച്ചു ചേർന്നിരിക്കുന്നതുപോലെ എസ്രാ, നെഹെമ്യാവ് എന്നീ പുസ്തകങ്ങളും ഒരു പുസ്തകമായി ചേർത്തിരിക്കുന്നു. പ്രവാസികൾ ബാബിലോൺ അടിമയിൽനിന്നും യിസ്രായേൽ രാജ്യത്ത് തിരികെ വന്നതിനു ശേഷമുള്ള ചരിത്രമാണ് ഈ പുസ്തകത്തിൽ പ്രധാനമായി വിവരിക്കുന്നത്. ഏകദേശം 100 വർഷത്തെ ചരിത്രം. യിരെമ്യാവ്, യെഹെസ്ക്കേൽ ഇവർ പ്രവാസികളോട് അവരുടെ മടങ്ങിവരവിനെക്കുറിച്ചും യെരുശലേം പുനർനിർമ്മാണത്തെക്കുറിച്ചും പ്രവചിച്ചിരുന്നു. 70 വർഷം അവർ ബാബിലോണിൽ അടിമകളായിരിക്കും എന്നാണ് ദൈവം പ്രവാചകന്മാർ മുഖാന്തിരം അവരെ അറിയിച്ചിരുന്നത്. രാജാക്കന്മാരുടെ പുസ്തകത്തിൽ ഒടുവിലായി വിഭക്ത രാജ്യങ്ങളായ യിസ്രായേലിന്റെ വീഴ്ചയും പ്രവാസവും അനന്തരം യെഹൂദയുടെ വീഴ്ചയും പ്രവാസവും വിവരിച്ചിരിക്കുന്നു. യെഹൂദയുടെ വീഴ്ചയുടെ ആരംഭത്തിലാണ് ദാനിയേലും മറ്റും പ്രവാസികളായി ആനയിക്കപ്പെട്ടത്. ബാബിലോണിൽ ഒടുവിൽ പീഡിപ്പിക്കപ്പെട്ടതും ദാനിയേലാണെന്ന് വിചാരിക്കുന്നു. (സിംഹക്കുഴിയിൽ ഇട്ടത്)

യിസ്രായേൽ രാജ്യം ആദ്യം അസ്സീരിയൻ രാജാക്കന്മാരാൽ അടിമകളാക്കപ്പെട്ടു. അസീരിയെ

# Ezra (help)

**Portions to read:** The Book of Ezra
**Memory Verse:** Ezra 3:11, 12

And they sang together by course in praising and giving thanks unto the LORD; because *he is* good, for his mercy *endureth* for ever toward Israel. And all the people shouted with a great shout, when they praised the LORD, because the foundation of the house of the LORD was laid. But many of the priests and Levites and chief of the fathers, *who were* ancient men, that had seen the first house, when the foundation of this house was laid before their eyes, wept with a loud voice; and many shouted aloud for joy.

Objective: - God desire that his people worship him and that they give priority for his things over their own. If God's people seek first his kingdom and righteousness, then God will provide for all their material needs. The people of God should always be holy and lead a life seperated from sin. This is the pre-requisite for receiving God's blessings. To understand Israel's return from Babylonian exile, one should know the rebuilding of the temple and the walls of Jerusalem, the leaders who led the people in the work of the temple and the walls of Jerusalem, and the geographical background.

Introduction

In the Hebrew bible, the book of Ezra and Nehemiah are together regarded as one book, as is the case of the books of Samuel and Kings. The book of Ezra deals mainly

ബാബിലോൺ ആക്രമിച്ചു കീഴടക്കിയപ്പോൾ ജനം ബാബിലോൺ അടിമയിലായി. പുതിയതായി ബാബിലോണിലേക്ക് അടിമകളെ വീണ്ടും പല പ്രാവശ്യം യെഹൂദയിൽനിന്നും ബാബേൽ രാജാക്കന്മാരും കൊണ്ടുവന്നു. (2 രാജാ. 17, 2 രാജാ. 25) എന്നാൽ ബാബിലോൺ മേദ്യ-പേർഷ്യ രാജാക്കന്മാർ സംഘടിച്ചു ആക്രമിച്ചു കീഴ്പ്പെടുത്തി. അതോടെ ദൈവജനം പേർഷ്യൻ ആധിപത്യത്തിൻ കീഴിലും ആയി. എന്നാൽ യിസ്രായേൽ ജനതയ്ക്ക് വിടുതൽ, ഉതവികൾ പേർഷ്യൻ രാജാക്കന്മാരിൽനിന്നും ലഭിക്കുന്നതിന് ദൈവം വഴി തെളിയിച്ചു. അതിനായി ദൈവം ഉപയോഗിച്ച മൂന്നു പേർഷ്യൻ രാജാക്കന്മാരാണ് കോരെശ്, ദാര്യാവേശ്, അർത്ഥഹ്ശഷ്ടാ ഇവർ.

യെഹൂദന്റെ അധിവാസജീവിതം ദേവാലയപണി ആദിയായവ പുനഃസ്ഥാപിക്കുന്നതിന് 100 വർഷത്തോളം വേണ്ടിയിരുന്നു. അവരുടെ പുനരധിവാസത്തിന് പ്രധാനമായി രണ്ടു ഘട്ടങ്ങൾ ഉണ്ടായിരുന്നു.

**A സെരുബ്ബാബേലിന്റെ നേതൃത്വത്തിലുള്ള മടങ്ങിവരവ് – ദേവാലയപണി**

(എസ്രാ 1–ാം അദ്ധ്യായം മുതൽ 6–ാം അദ്ധ്യായം വരെ) പാർസിരാജാവായ കോരെശിന്റെ വാഴ്ചയുടെ ഇരുപതാം ആണ്ടു മുതൽ ദാര്യാവേശിന്റെ വാഴ്ചയുടെ ആറാം വർഷം വരെയുള്ള 20 സംവത്സരങ്ങൾ (ബി.സി. 357–517)

പാർസിരാജാവായ കോരെശിനോട് ദൈവം അരുളിച്ചെയ്തതനുസരിച്ച് അദ്ദേഹത്തിന് യഹൂദ ജാതിയോട് പ്രത്യാകാനുകൂല്യം തോന്നി. അവർക്ക് സ്വാതന്ത്ര്യവും ദേവാലയപണിക്കുള്ള സഹായങ്ങളും ചെയ്തു കൊടുപ്പാൻ ദൈവം നിർദ്ദേശിച്ചു. ഇങ്ങനെ കോരെശിനെ ദൈവം ഉപയോഗിക്കുമെന്ന് അവന്റെ ജനനത്തിന് 200 വർഷംമുമ്പ് യെശയ്യാ പ്രവാചകൻ മുഖാന്തരം പ്രവചിച്ചിരുന്നു. (യെശ. 44:28, 45:1–4) ദാനിയേൽ രാജസന്നിധിയിൽ ഉദ്യോഗസ്ഥനായിരുന്നതും ഈ സ്വാതന്ത്ര്യത്തിന് വഴിതെളിച്ച സംഗതികളിൽ പ്രധാനമായിരുന്നു.

അങ്ങനെ സെരുബ്ബാബേൽ എന്ന ഗവർണ്ണരുടെ നേതൃത്വത്തിൽ 50,000 യെഹൂദന്മാർ യെരുശലേമിലേക്ക് തിരിച്ചു. നെബുഖദ്നേസർ മുമ്പ് ദേവാലയത്തിൽനിന്നും അപഹരിച്ച പൊൻവെള്ളി പാത്രങ്ങളും കോരെശ് കൊടുത്തയച്ചു. അവർ ബാബി

with the history of Israel from the return from exile and 100 years forward – about their return after 70 years, rebuilding of Jerusalem etc. Prophets Jeremiah and Ezekielprophesied about the return from exile and the rebuilding of Jerusalem to the people. The book of Kings describe the fall and exile of the 2 nations –Israel and Judah; Israel to Assyria and Judah to Babylon. Danieland his friends werecarried captives in the fall of Judah. It is considered that Daniel was the last to be afflicted in Babylon (in the den of Lions).

Israel was first defeated by Assyria and taken to Assyria as captives. But later Babylon overcame Assyria and thus Israel came under Babylon. The Babylon kings brought captives from Judah to Babylon, in different groups (2 Kings 17, 25). But the Medians and Persians later overcame the kings of Babylon and the people of God came under them. But God opened way to return back to Judah from exile through the hands of the Persian kings. The name of the kings were Cyrus, Darius and Artaxerxes.

Jews took 100 years to rebuild their temple and reinhabitat Jerusalem. This period can be divided into 2 phases.

**(A) Return under Zerubbabel – building of temple (Ezra 1-6)**

(20 years- from the 20th year of reign of King Cyrus to 6th year of Reign of King Darius, From BC 537-517)

The Persian King Cyrus, showed special mercy to the Jews, as he was commanded by God. God asked him to free Israel for building his temple and to provide them all the things required for it. It was prophesied about 200 years before Cyrus birth by Isaiah that God would use him (Isaiah 44:28, 45:1-4). Daniel, being a high

ലോണിൽനിന്നും 700 മൈൽ മരുഭൂമിയിലൂടെ യാത്ര ചെയ്തു യെരുശലേമിൽ എത്തി. അവരുടെ യാത്രയ്ക്കും, പണികൾക്കും വേണ്ടുന്നതെല്ലാം ദൈവം കോരെശിൽകൂടി കരുതിയിരുന്നു. അവർ യെരുശലേമിൽ എത്തിയ ഉടൻ തങ്ങൾക്കായി ഒന്നും ചെയ്യുന്നതിനുമുമ്പേ ദൈവത്തിന്റെ ആലയത്തിന്റെ പണികൾ ആരംഭിച്ചു. വളരെ സന്തോഷത്തോടും ഉത്സാഹത്തോടും കൂടി ദേവാലയത്തിന്റെ അടിസ്ഥാനം ഇട്ടു. അനന്തരം ദൈവവുമായി സമാധാനമാകുന്നതിന് യാഗപീഠം ഉണ്ടാക്കി ആരാധന തുടങ്ങി (3:2). എതിർപ്പുകൾ അതോടെ നിരവധി ആരംഭിച്ചു. ജനം ക്ഷീണിതരായി ഈയവസരത്തിൽ ജനഹൃദയങ്ങളെ ഉണർത്തുന്നതിനായി ദൈവം സെഖരിയ (യഹോവ ഓർക്കുന്നു) ഹഗ്ഗായി (വിരുന്നിൽ പ്രിയൻ) എന്നീ പ്രവാചകന്മാരെ എഴുന്നേല്പിച്ചു. യോശുവായായിരുന്നു അപ്പോഴത്തെ പുരോഹിതൻ. ഈ പ്രവാചകന്മാരിലൂടെ ദൈവം ജനഹൃദയത്തെ ഉണർത്തി ഉത്സുകരാക്കി. തൽഫലമായി ജനങ്ങൾ വളരെ ഉത്സാഹത്തോടെ പണി ആരംഭിച്ചു. 4 വർഷം കൊണ്ട് അവർ ദേവാലയം പണി തീർത്തു. ദേവാലയം പ്രതിഷ്ഠിച്ച സമയത്ത് വളരെ സന്തോഷമുണ്ടായി. എന്നാൽ വൃദ്ധന്മാർ ദുഃഖിച്ചു (അതിനു കാരണമെന്ത്?) എസ്രാ. 6

**B എസ്രായുടെ നേതൃത്വത്തിലുള്ള മടങ്ങിവരവും പരിഷ്കാരങ്ങളും**

**(ബി.സി. 458–433) (25 വർഷം) (എസ്രാ. 7–10 വരെ അദ്ധ്യായങ്ങൾ**

സെരുബ്ബാബേലിന്റെ നേതൃത്വത്തിൽ ജനങ്ങൾ മടങ്ങിവന്നിട്ട് ഏകദേശം 60 വർഷത്തോളം ആയി. യെഹൂദന്മാർ കുറെപ്പേർ സ്വന്തനാട്ടിൽ പുനർവാസമാരംഭിച്ചു. എങ്കിലും ധാർമ്മീകമായും മാർഗ്ഗീകമായും അവർ വളരെ അധഃപതിച്ചിരുന്നു. അവരെ ദൈവവചനത്തിലും ദൈവവചന പാരമ്പര്യത്തിലും ഉറപ്പിക്കുന്നതിന് എസ്രായെ ദൈവം ഉപയോഗിക്കുവാൻ തീരുമാനിച്ചു. അഹരോന്റെ വംശാവലിയിൽപ്പെട്ടു ഒരു വിശുദ്ധ പുരോഹിതനായിരുന്നു എസ്രാ. അവൻ ന്യായപ്രമാണം ചെറുപ്പം മുതലെ നന്നായി പഠിക്കുകയും അതിൽ തികഞ്ഞ പണ്ഡിതൻ (ശാസ്ത്രി) ആകുകയും ചെയ്തിരുന്നു. (7:6) (ശാസ്ത്രി എന്ന വാക്കിന്റെ അർത്ഥം വേഗത്തിൽ എഴുതാൻ കഴിയുന്നവൻ എന്നാണ്. ശാസ്ത്രിമാർ നിയമനിർമ്മാണത്തിലും വിദഗ്ധരായിരുന്നു.

official in the palace, also helped in getting the permission to build the temple.

About 50,000 Jews returned to Jerusalem under the leadership of governor Zerubbabel. King Cyrus also gave them the gold and silver vessels that Nebuchadnezzar had taken from the temple. They travelled 700 miles through the wilderness and came to Jerusalem. God had arranged ever44:28, 45:1-4. Daniel being a high official in the palace also helped in getting the permission to build the temple.

About 50 000 Jews returned to Jerusalem under the leadership of governor Zerubbabel. King Cyrus also gave them the gold and silver vessels that Nebuchadnezzar had taken from the temple. They travelled 700 miles through the wilderness and came to Jerusalem. God had arranged everything for their journey and building needs, through Cyrus. The name of the exiles who returned is given in Chapter 2. The people who came to Jerusalem, started building the temple, even before making their own homes. They laid the foundation stone with great joy and enthusiasm. Later they built an altar and made peace with God and started worship (3:2). But this lead to many oppositions. The hearts of the people started to melt. But God raised prophets Zechariah (Jehovah remembers) and Haggai (beloved in the feast), to strengthen the people's hearts. Joshua was the high priest at the time. The people's hearts were strengthened by these men and they worked with great enthusiasm and completed the temple in 4 years. There was great joy, when the temple was dedicated. But the elders were sad. Why? Refer Ezra 6

ബാബേലിൽ ശേഷിച്ചിരുന്നവരിൽ ദൈവകാര്യങ്ങളിൽ ശുഷ്കാന്തിയുള്ള കുറെപ്പേർ കൂടി പലസ്തീനിലേക്ക് മടങ്ങുന്നതിന് തയ്യാറായി. കുറെപ്പേർ അവിടെത്തന്നെ കുടിപാർക്കുകയും ചെയ്തു. അവർ നെഹമ്യാവ് എന്ന ഗവർണ്ണരുടെ കീഴിൽ എസ്രാ പുരോഹിതനോടുകൂടി ബി.സി. 458–ൽ 'അർത്ഥഹേശഷ്ടാ' രാജാവിന്റെ നിയോഗപ്രകാരം യാത്രതിരിച്ചു. (നെഹമ്യാവ്–യഹോവ ആശ്വസിപ്പിക്കുന്നവൻ) (7:11,28) അത് ദൈവത്തിന്റെ ഒരു പ്രത്യേക ക്രമീകരണം കൂടിയായിരുന്നു. രാജാവിന് എസ്രായിലും അവന്റെ ദൈവത്തിലും പ്രിയം തോന്നുംവിധം നെഹമ്യാവ് അത്ര നല്ല സാക്ഷ്യം ഉള്ളവനായിരുന്നു. 1800 യെഹൂദന്മാർ യാത്രയ്ക്ക് തയ്യാറായി. അവർ ബാബേലിൽനിന്നും 100 മൈൽ വടക്ക് അഹവാ ആറ്റിൻകരയിൽ 'സെഫിയ' എന്ന സ്ഥലത്ത് യാത്രയ്ക്ക് മുമ്പ് ഒന്നിച്ചുകൂടി ഉപവസിച്ചു പ്രാർത്ഥിച്ചു. ദൈവം അവർക്കു യാത്രക്കായി വഴി കാണിച്ചു. അവർ ഏകദേശം 1000 മൈൽ യാത്ര ചെയ്തു യെരുശലേമിൽ എത്തി. യാത്രയ്ക്ക് 4 മാസം വേണ്ടിവന്നു. രാജാവ് യാത്രയ്ക്ക് ഏല്പിച്ച ധനത്തിന്റെയും ദേവാലയ പണികൾക്ക് ഏല്പിച്ച വസ്തുക്കളുടേയും കണക്ക് എസ്രാ എഴുതി, കൃത്യമായ കണക്ക് യെരുശലേമിൽ എത്തിയപ്പോൾ ജനങ്ങൾക്ക് നൽകി. യെരുശലേമിന്റെ മതിൽപണിയായിരുന്നു ആദ്യമായി ചെയ്തത്. നെഹമ്യാവും അക്കാര്യങ്ങൾക്കായി നേതൃത്വം നൽകിയിരുന്നു. (നെഹമ്യ 2) ഈ പണികൾക്കും മറ്റുമായി എസ്രാ 25 വർഷം ശുശ്രൂഷ ചെയ്തു. അവിടെയും എതിർപ്പുകൾ ഉണ്ടായി. അപ്പോൾ ദൈവം തന്റെ പ്രവാചകനായ മലാഖിയെ അയച്ചു നിർദ്ദേശങ്ങൾ നൽകി. (മലാഖി – യഹോവയുടെ ദൂതൻ)

**എസ്രായുടെ ശുദ്ധീകരണവേല (എസ്രാ. 10)**

എസ്രാ സ്വന്തനാട്ടിൽ എത്തിയപ്പോൾ തന്റെ ജനത്തിന്റെ ആത്മീകാധഃപതനം കണ്ട് വളരെ ദുഃഖിതനായി. അവർ തങ്ങളുടെ വേർപാട് നഷ്ടപ്പെടുത്തി വിജാതീയരുമായി വിവാഹബന്ധത്തിൽ ഏർപ്പെട്ട് അശുദ്ധരായിരുന്നു. ദൈവം തന്റെ ജനത്തിന്റെ വേർപാടിൽ അതീവനിഷ്ഠയുള്ളവനാണ് (ആവർത്തനം 7:2–4). എസ്രാ അവരെ ന്യായപ്രമാണം പഠിപ്പിക്കുകയും അവരുടെ ക്രമക്കേടുകളെ ഗൗരവപൂർവ്വം കൈകാര്യം ചെയ്യുകയും ചെയ്തു. (9:7,8) അവൻ ജനത്തെ ഓർത്ത് വളരെ കരയുകയും അവർക്കുവേണ്ടി ആത്മാർത്ഥമായി

**(B) Return under Ezra and the reformations (Ezra 7-10)**
**(25 years- BC 458-433)**

It was 60 years before that the people of Israel came toJerusalem under Zerubbabel. Some people had reinhabited in their mother-land. But they were in spiritual and moral backslide. God decided to appoint Ezra to establish them back in the word of God. Ezra was a priest, belonging to the family of Aaron. He had learned the law from his childhood and he was a scholar (scribe)(7:6). The meaningof the word 'scribe' is "one who can write speedily". Scribes were excellent in law making (legislature).

Some zealous people, who were still in Babel decided to return to Palestine, but some others decided to stay back in babel. So the zealous group setout along with priest Ezra under the leadership of the governor Nehemiah (Jehovah is the comforter), in BC 458, during the time of King Artaxerxes (7:11, 28). This was fully arranged by God. Nehemiah was such an example in the palace that the king was full of respect for himand also for Ezra and his God. About 1800 Jews set out from Persia and came to a place called 'Sephia'near the river Ahava, which was 100 miles north of Babel. They fasted and prayed to God before their journey. God led them and after travelling 1000 miles, they reached Jerusalem. Their journey extended over 4 months. Ezra had writtenall the details of the things given by the king for the journey andfor building the temple, and once he reached Jerusalem, he read it out to all the people. First they engaged Jerusalem in building the temple. Nehemiah gave leadership fort the work (Nehemiah 2). Ezra ministered for 25 years. Oppositions rose here also. But God sent the prophet Malachi

പ്രവർത്തിക്കുകയും ചെയ്തു. ജനം കൂട്ടമായി എസ്രായുടെ അടുക്കൽ എത്തി. (10:1-54) അവർ വന്നു ചെയ്ത കാര്യം എന്ത്? തങ്ങളുടെ വിജാതീയ ഭാര്യമാരേയും കുട്ടികളേയും നീക്കാൻ എസ്രാ പറഞ്ഞു. അവർ പോയി മൂന്നു ദിവസം ഇക്കാര്യങ്ങൾക്കായി ഉപവസിച്ചു പ്രാർത്ഥിച്ചശേഷം മടങ്ങി വരുവാൻ ആവശ്യപ്പെട്ടു. (10:7, 8, 9) ഒരു ഡിസംബർ മാസം വളരെ തണുപ്പും മഴയുമുള്ള ഒരു ദിവസം അവർ എല്ലാവരും യെരുശലേമിൽ എത്തി. മൂന്നു മാസത്തിനകം തങ്ങളുടെ പ്രശ്നങ്ങൾ പരിഹരിച്ച് ദൈവസന്നിധിയിൽ നിരന്നുകൊള്ളാം എന്ന് തീരുമാനം ചെയ്തു. ഇങ്ങനെ വലിയ ആത്മീക പരിവർത്തനം എസ്രായുടെ പ്രാർത്ഥനയാലും പ്രവർത്തനത്താലും ജനത്തിൽ ഉണ്ടായി.

**എസ്രാ ഒരെഴുത്തുകാരൻ ഒരു വലിയ സാമൂഹ്യ പരിഷ്ക്കർത്താവ്**

സിന്നഗോഗുകളിൽ (പ്രാർത്ഥനസ്ഥലം) ആരാധനയാരംഭിച്ചത് എസ്രായുടെ കാലത്ത് പ്രവാസത്തിലിരിക്കുമ്പോഴാണെന്ന് കരുതുന്നു. കാരണം ആരാധനയ്ക്ക് അന്ന് ദേവാലയം ഇല്ലല്ലോ. (പഴയനിയമ ചരിത്രംതന്നെ പ്രവാസത്തിനുശേഷമുള്ള 100 വർഷത്തേക്ക് മാത്രമേ ബൈബിളിൽ ഉള്ളൂ. പ്രാവചനീക വെളിച്ചത്തിൽ എല്ലാക്കാലത്തെയും പറഞ്ഞിട്ടുണ്ട്. മഹാനായ അലക്സാണ്ടർ ബി.സി.336-ൽ പേർഷ്യ ആക്രമിച്ചു കീഴടക്കിയതോടെ പേർഷ്യൻ ഭരണം അവസാനിച്ചു. അലക്സാണ്ടറും യെഹൂദജനതയോട് ദയ കാണിച്ചിരുന്നു എന്ന് ലോകചരിത്രം സാക്ഷിക്കുന്നു)

മുകളിൽ വിവരിച്ച സംഭവത്തിനുശേഷം 12-13 വർഷത്തേക്ക് നാം എസ്രായെ കാണുന്നില്ല. ഒന്നുകിൽ താൻ അർത്ഥഹ്ശഷ്ടാ രാജാവിന്റെ അടുക്കലേക്ക് മടങ്ങിയതായിരിക്കാം. അല്ലെങ്കിൽ പഴയനിയമം എഴുതാൻ ശ്രദ്ധിച്ചിരുന്നതായിരിക്കാം. എസ്രായുടേതായി വേദപഠിതാക്കൾ കരുതുന്ന പുസ്തകങ്ങൾ ദിനവൃത്താന്തങ്ങൾ, എസ്രാ, നെഹമ്യാവ്, എസ്ഥേർ ഇവയാണ്. പഴയനിയമപുസ്തകം ഇന്നുള്ള നിലയിൽ ക്രമീകരിച്ചതും എസ്രായാണെന്നും വിചാരിക്കുന്നു. അനന്തരം നെഹെമ്യാവിന്റെ പുസ്തകത്തിൽ നാം വീണ്ടും എസ്രായെ കാണുന്നു. ന്യായപ്രമാണം എസ്രാ രാവിലെ തുടങ്ങി ഉച്ചവരെ വായിക്കുന്നതും ജനം അനുതപിച്ചു ദൈവത്തിങ്കലേക്ക് തിരിയുന്നതും, എസ്രാ

to strengthen the people. (Malachi= Jehovah's messenger)

**Ezra's sanctifyingwork (Ezra 10)**

Ezra was deeply grieved when he saw the spiritualbacksliding in the people of Jerusalem. They had married gentiles and lost their sanctity. God isvery strict about his people's separation and sanctity (Deu 7:2-4). Ezra taught them the law and dealt seriously with their faults (9:7,8). He cried a lot for his people and faithfully worked for their revival. The peoplecame to Ezra (10:1-54). What did they do?Ezra asked them to abandon their gentile wives and children and asked them to fast and pray for 3 days and return (10:7-9). On a cold, rainy night of the December month, they all came to Jerusalem and decided that within 3 months they will solve their problems and make peace with God. Thus a great spiritual revival came out in them due to Ezra's ministry.

**Ezra- a writer and social reformist:-**

It is believed that the Jews started worshipping in synagogues in Babel exile, during the time of Ezra. This was because, there was no temple for worship inBabel. (Even the biblehad only 100 years of history of Israel after the Babel exile. Butithasprophecies about all ages. In BC 336, Alexander attacked and captured Persia, and the Persian Empire came to an end. Alexander was alsomerciful towards the Jews).

After the above incident, we don't see Ezra for 12-13 years. He might have gone back to king Artaxerxes or he was busy writing the Old Testament. Bible scholars consider Ezra as the author of the following books- Chronicles, Ezra, Nehemiah and Esther. It is also believed that it was Ezra arranged the Old Testament books in



യുടെ ജീവിത സായാഹ്നത്തെക്കുറിച്ച് നമുക്ക് ഇതിലധികം ഒന്നും അറിവായിട്ടില്ല.

**പ്രവാസികളുടെ മടങ്ങിവരവും മറ്റു പ്രധാന സംഭവങ്ങളും ഒറ്റ നോട്ടത്തിൽ**

ബി.സി. 357-ൽ ആദ്യം സെരൂബ്ബാബേലിന്റെ നേതൃത്വത്തിൽ വരുന്നു

ബി.സി. 516-ൽ ദേവാലയം പണിതു.

ബി.സ. 479-ൽ എസ്ഥേർ പേർഷ്യൻ രാജ്ഞി.

ബി.സി. 458-ൽ എസ്രായുടെ നേതൃത്വത്തിൽ വീണ്ടും വരുന്നു.

ബി.സി. 445-ൽ നെഹമ്യാവ് യെരുശലേം പണിയുന്നു.

**ചോദ്യങ്ങൾ**

1. സെരൂബ്ബാബേലിന്റെ നേതൃത്വത്തിലുള്ള മടങ്ങിവരവിനെക്കുറിച്ച് ഒരു വിവരണം തയ്യാറാക്കുക.
2. പ്രവാസത്തിനുശേഷം പ്രധാന പ്രവചന ശുശ്രൂഷ നടത്തിയ പ്രവാചകന്മാർ ആരെല്ലാം?
3. എസ്രാ, നെഹമ്യാവ്, സഖറിയ, ഹഗ്ഗായി ഈ പേരുകളുടെ അർത്ഥം എഴുതുക.
4. എസ്രായുടെ നേതൃത്വത്തിലുള്ള മടങ്ങിവരവിനെ ഏതാനു വാക്യങ്ങളിൽ വിവരിക്കുക.
5. എസ്രായുടെ പ്രധാന ശുദ്ധീകരണ ശുശ്രൂഷ ഏത്?

അസാദ്ധ്യമെന്നു കരുതുന്നതിനെ സാദ്ധ്യമാക്കുവാൻ ദൈവത്തിനു സാധിക്കും. ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും പ്രയോജനം ഈ പാഠത്തിൽനിന്നും കണ്ടുപിടിക്കാമോ?

today's manner. Later we see Ezra in the book of Nehemiah where he reads the law from the morning to noon and the people repent and turn to God. We know nothing more about Ezra's latter days.

**A glance of the events after exile:**

BC- 537- Return under Zerubbabel

BC 516- Building of the temple

BC 479- Esther becomes the Persian queen

BC 458 – Return under Ezra

BC 445- Nehemiah rebuilds Jerusalem.

**Questions:**

1) Writea note on the return of exile under Zerubbabel.

2) Who were the Major Prophets who ministeredafter exile?

3) Write the meaning of Ezra, Nehemiah, Zechariah and Haggai.

4) Write a short note on the return of the exiles under Ezra

5) What was the sanctification work done by Ezra?

'Everything is possible with God, even those impossible with man'- find out from the chapter, the changes which happened due to prayer and fasting.